**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ശ്രീ. എൻ. രാധാകൃഷ്ണൻ (ലക്ച്ചറർ, മൃദംഗം) - ഔദാര്യ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ **(പെൻഷൻ-ബി)** വകുപ്പ്

സ. ഉ (സാധാ) നം. 4819/2018/ധന　　　　തിരുവനന്തപുരം, തീയതി : 06.06.2018

---

പരാമർശം : 1. സ ഉ (അ) നം. 190/2016/ധന തീയതി 26.12.2016.
2. 11.03.2015 ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ എൻ 4/15947/2015/കോ.വി.വ നം കത്ത് .
3. ശ്രീ. രാധാകൃഷ്ണന്റെ 09.08.2017 ലെ അപേക്ഷ.
4. 25.04.2018 ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ എൻ 4/28667/2016/കോ വി വ നം കത്ത് .

**ഉത്തരവ്**

19.03.2014-നു സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എൻ. രാധാകൃഷ്ണന്റെ (ലക്ച്ചറർ, മൃദംഗം) ഔദാര്യപെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള നിവേദനം, പരാമർശം (1) ലെ ഉത്തരവിൽ മിനിമം യോഗ്യസേവനകാലത്തിനിടയ്ക്ക് (10 വർഷം) ശൂന്യവേതനാവധി (കെ.എസ്.ആർ ഭാഗം I, അനുബന്ധം XII A,B,C എന്നിവയിൽ ഏതെങ്കിലും) എടുത്തിട്ടുണ്ടെങ്കിൽ ഔദാര്യ പെൻഷനു അർഹതയില്ല എന്ന വ്യവസ്ഥയിൽ നിരസിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ടിയാനെ അറിയിച്ചിരുന്നു.

2) തുടർന്ന് ടിയാൻ മേൽക്കാര്യം പരിഗണിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് പരാമർശം (3) പ്രകാരം അപേക്ഷ നൽകുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ടിയാന് ശൂന്യവേതനാവധി അനുവദിച്ചത് കെ.എസ്.ആർ ഭാഗം I, അനുബന്ധം XII A,B,C, എന്നിവ പ്രകാരമല്ലെന്നും ടിയാൻ കൈപ്പറ്റിയ ഗ്രാറ്റുവിറ്റി തുക തിരിച്ചടച്ചിട്ടുണ്ടെന്നും

പരാമർശം (4) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26.12.2016 മുതൽ പ്രാബല്യത്തിൽ ടിയാന് ഔദാര്യപെൻഷൻ അനുവദിച്ച് ഉത്തരവാകുന്നു.

4) ശ്രീ. എൻ. രാധാകൃഷ്ണന്റെ പെൻഷൻ പുസ്തകവും മറ്റ് അനുബന്ധ രേഖകളും പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി, പെൻഷൻ അനുവദിക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

കെ. **രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ , ആർ എൽ വി കോളേജ് ഓഫ് മ്യൂസിക്ക് & ഫൈൻ ആർട്ട്സ്, തൃപ്പൂണിത്തുറ.
ശ്രീ. എൻ. രാധാകൃഷ്ണൻ, റിട്ട. ലക്ച്ചറർ (മൃദംഗം). കാർത്തിക, വിക്രം സാരാഭായ് റോഡ്, പൂണിത്തുറ, കൊച്ചിൻ -38
ഉന്നത വിദ്യാഭ്യാസ (സി ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ- 606235)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**